**File No.TCPPTA/271/2019-C**

## നഗരാസൂത്രകന്റെ കാര്യാലയം, പത്തനംതിട്ട

## നഗരാസൂത്രകന്റെ നടപടിക്രമം

നഗരാസൂത്രകന്റെകാര്യാലയം, പത്തനംതിട്ട: പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ പാരിഷ് ഹാൾ നിർമ്മാണം- വികാരി, സെന്റ്.ആന്റണീസ് മലങ്കര കാത്തലിക് ചർച്ച്, ലൂർദഗിരി തട്ടയിൽ പി.ഓ, പത്തനംതിട്ട സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- വികാരി, സെന്റ് .ആന്റണീസ് മലങ്കര കാത്തലിക് ചർച്ച്, ലൂർദഗിരി തട്ടയിൽ പി.ഓ, പത്തനംതിട്ട യുടെ 29/03/2019 ലെ അപേക്ഷ

************************************************************

ഉത്തരവ് നമ്പർ:-TCPPTA/271/2019-C **06/04/2019**

************************************************************

പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ പന്തളം തെക്കേക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 414/15, 414/1, 414/8 ൽ ഉൾപ്പെട്ട 232 ആർ വിസ്തീർണമുള്ളതും, നിലവിൽ പള്ളി, സെമിത്തേരി അനുബന്ധ കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ആകെ 1340.96 ചതുരശ്ര മീറ്റർ വിസ്തീർണമുള്ളതും ground floor, first floor എന്നീ നിലകളോടുകൂടിയ പാരിഷ് ഹാൾ (Group –D Assembly Occupancy), 28 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള Kitchen block, 102.88 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള Toilet Blocks എന്നിവ നിർമിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണചട്ടം 2011 (KPBR -2011), ചട്ടം 57 (1), ചീഫ് ടൗൺ പ്ലാനറുടെ 5.12.2017 ലെ C.3/12311/17 നമ്പർ കത്ത് എന്നിവയ്ക്ക് അനുസൃതമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടത്തിന്റെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.

### നിബന്ധനകൾ

1.കെ.പി. ബി. ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

2.നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ

File No.TCPPTA/271/2019-C

2008 ലെ കേരളം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

3. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.

4. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം പാർക്കിംഗ് ഏരിയ സജ്ജമാക്കിയിരിക്കണം. ചട്ടം 38(2), 38(4) എന്നിവ പ്രകാരമുള്ള Car Parking, Two wheeler parking പ്രത്യേകം സൈറ്റ് പ്ലാനിൽ കാണിക്കുകയും കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്ന പ്ലാനിൽ ഇതു ഉൾപ്പെടുത്തുകയും വേണം.

5. KPBR-2011, ചട്ടം 61(17) പ്രകാരമുള്ള Re-cycling and reusing of waste water generated നുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

6. PBR-2011, ചട്ടം 101 പ്രകാരമുള്ള Ground water recharging arrangement ഏർപ്പെടുത്തിയിരിക്കണം.

7. KPBR-2011, ചട്ടം 104 (3) പ്രകാരമുള്ള Ramp നൽകിയിരിക്കണം.

8. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധ കമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

*ഈ ഉത്തരവ് കെട്ടിട നിർമാണം ആരംഭിക്കുന്നതിനുള്ള അനുമതിയില്ല. പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ആവശ്യമായ അനുമതികൾ ലഭിച്ച ശേഷം മാത്രമേ നിർമാണം ആരംഭിക്കുവാൻ പാടുള്ളൂ.*

**ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)**

**ANILKUMAR P, TP TPPTA, O/O TP TPPTA**

**സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത്**

പകർപ്പ്:- 1 വികാരി

സെന്റ്.ആന്റണീസ്, മലങ്കര കാത്തലിക് ചർച്ച്

ലൂർദഗിരി, തട്ടയിൽ പി.ഒ, പത്തനംതിട്ട

2. ഓഫീസ് കോപ്പി

3. വെബ് സൈറ്റ്

4. അധികം